**ചട്ടം 304 പ്രകാരം ശ്രീ.ഒ.രാജഗോപാൽ, എം.എൽ.എ ഉന്നയിച്ച 'മുടവൻമുഗൾ – എസ്റ്റേറ്റ് വാർഡുകളെ ബന്ധിപ്പിക്കുന്ന പാലം, കല്ലടിമുഖം പാലം, ഇടയാർ പാലം, മധുപാലം എന്നിവയുടെ നിർമ്മാണം സംബന്ധിച്ച' സബ്മിഷന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രി നൽകാനുള്ള മറുപടി**

**1. മുടവൻമുഗൾ പാലം**

മുടവൻമുഗൾപാലം നിർമ്മാണത്തിനു 1360 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാർ ഉത്തരവ് ജി.ഒ(ആർടി) നമ്പർ 1186/2019/PWD തീയതി 09.10.2019 പ്രകാരം നൽകിയിട്ടുണ്ട്. 25.10.2019 തീയതിയിൽ ഈ പദ്ധതിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേക്കായുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും ~~ഗെസ്റ്റ്~~ ഗസറ്റ് നോട്ടിഫിക്കേഷൻ ലഭിച്ച ശേഷം സ്ഥലം ഏറ്റെടുക്കുന്നതിലേക്കായുള്ള അതിർത്തികല്ലുകൾ സ്ഥാപിക്കുകയും തുടർന്ന് സ്ഥലം ഏറ്റെടുത്തു കഴിഞ്ഞാൽ മറ്റു നടപടിക്രമങ്ങൾ പൂർത്തിയാക്കി പാലത്തിന്റെ നിർമ്മാണം തുടങ്ങുവാനും സാധിക്കും.

**2. കല്ലടിമുഖം പാലം**

കല്ലടിമുഖം പാലം കിള്ളിയാറിന് കുറുകെ തിരുവല്ലം-കൊഞ്ചിറവിള റോഡും, കാലടി റോഡും തമ്മിൽ ബന്ധിപ്പിക്കുന്നതാണ്. ഈ പദ്ധതിക്ക് 14.07.2009-~~ലെ~~ G.O(Rt) No. 1044/2009/PWD പ്രകാരം 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. 1894-ലെ LA ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വിസിഷൻ 05.06.2010-ന് ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും 22.12.2014-ന് നടന്ന ഡി.എൽ.പി.സി മുഖേന തീരുമാനിച്ച സ്ഥലത്തിന്റെ വില 28.05.2015-ൽ നടന്ന എസ്.എൽ.ഇ.സി അംഗീകരിക്കുകയും ചെയ്തു. എന്നാൽ സമയബന്ധിതമായി ഫണ്ട് ലഭ്യമാകാത്തതിനാൽ അത് ഡിനോവ ആയ സാഹചര്യത്തിൽ 2013-ലെ പുതിയ LA ആക്ട് പ്രകാരം സ്ഥലം ഏറ്റെടുക്കുന്നതിനായി ഈ പ്രൊപ്പോസലിന്മേലുള്ള പരിശോധനയുടെ ഭാഗമായി പുതുക്കിയ റിക്വിസിഷൻ 15.12.2017-ൽ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പാലത്തിന്റെ നവീകരിച്ച ഡിസൈൻ പ്രകാരം ഭരണാനുമതി പുതുക്കി ലഭിക്കുന്നതിലേക്കായി 923 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്

സർക്കാരിൽ ലഭ്യമായിട്ടുണ്ട്. എന്നാൽ ഇതിൻമേലുള്ള പരിശോധനയുടെ ഭാഗമായി സർക്കാർ ആവശ്യപ്പെട്ട ചില വിവരങ്ങൾ ചീഫ് എഞ്ചിനീയറിൽ നിന്നും ഇനിയും ലഭ്യമാകാനുണ്ട്.

**3. തിരുവല്ലം-ഇടയാർ പാലം**

ഈ പാലം പണി ചെയ്യുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി Tentative General Design തയാറായിട്ടുണ്ട്. എന്നാൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിലേയ്ക്കായി ബജറ്റിൽ ടോക്കൺ പ്രൊവിഷൻ മാത്രമാണുള്ളത്. ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനക്ക് വന്നിട്ടില്ല.

**4. മധുപാലം**

കരുമവും-തിരുവല്ലവും തമ്മിൽ ബന്ധിപ്പിക്കുന്നതാണ് ഈ പാലം. ഈ പദ്ധതിക്ക് 30.05.2013-ൽ എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ട് (ADF)-ൽ നിന്നും G.O.(Rt) No. 773/2013/PWD പ്രകാരം 700 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഈ പ്രവൃത്തിക്കായി തിരുവല്ലം, നേമം വില്ലേജുകളിലായി 50.28 cent സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. 1894-ലെ LA ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള റിക്വിസിഷൻ 13.08.2015-ന് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു. പാലത്തിന്റെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമല്ലാത്തതിനാൽ 30/10/2016-ലെ G.O (Rt) No. 1495/2016/PWD ഉത്തരവ് പ്രകാരം പ്രസ്തുത പാലത്തിന്റെ നിർമ്മാണത്തിനായുള്ള ഭരണാനുമതി റദ്ദ് ചെയ്തതിനാൽ തുടർനടപടികൾ സാധ്യമായില്ല.